പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4746 | 26/06/2019- ൽ മറുപടിയ്ക്ക്

# മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബ്

| ചോദ്യം<br>ശ്രീ.എൻ.എ. നെല്ലിക്കുന്ന് | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകൾക്ക് മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് വയനാട് കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾക്ക് കൃഷി വകുപ്പ് മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ അനുവദിച്ചിട്ടുണ്ട്. എറണാകുളം , പാലക്കാട്, കോഴിക്കോട് ജില്ലകളിൽ ജില്ലാ പഞ്ചായത്ത് അനുവദിച്ച മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) ഏതെല്ലാം ജില്ലകളിൽ പ്രസ്തുത ലാബുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണെന്ന് വ്യക്തമാക്കാമോ; | (ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് , മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പ്രസ്തുത ലാബുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണ്. |
| (സി) പ്രസ്തുത ലാബുകൾക്കുള്ള ചെലവ് എത്രയാണെന്നും ഓരോ ജില്ലയ്ക്കും അനുവദിച്ച വാഹനത്തിന് ഒരേ തുകയാണോ എന്നും വ്യക്തമാക്കാമോ; | (സി) സംസ്ഥാനത്തെ കൃഷി വകുപ്പിന് കീഴിലുള്ള മൊബൈൽ ലാബുകളുടെ പ്രവർത്തനത്തിനായി ആകെ 38.04967 ലക്ഷം രൂപയാണ് 2018-19 സാമ്പത്തിക വർഷത്തിൽ ചെലവായത്. ഓരോ ജില്ലയിലും വ്യത്യസ്ത സമയങ്ങളിലാണ് വാഹനം വാങ്ങിയിട്ടുള്ളത്. അതിനാൽ, ഓരോ ജില്ലയ്ക്കും അനുവദിച്ച വാഹനത്തിന് ഒരേ തുകയല്ല. |
| (ഡി) കാസർഗോഡ് ജില്ലയ്ക്ക് പ്രസ്തുത ലാബ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് അനുവദിച്ചതെന്നും ചെലവ് എത്രയാ | (ഡി) അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലാണ് കാസർഗോഡ് ജില്ലയ്ക്ക് മൊബൈൽ വാഹനം വാങ്ങി നൽകിയത്. 50.68739 ലക്ഷം രൂപയാണ് വാഹനം വാങ്ങി ലാബ് സജ്ജീകരിക്കുന്നതിനായത്. മൊബൈൽ |

| | | |
|---|---|---|
| | ണെന്നും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ യെന്നും വ്യക്തമാക്കാമോ: ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും അറിയിക്കാമോ: | സോയിൽ ടെസ്റ്റിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ ലാബ പ്രവർത്തിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. |
| (ഇ) | പ്രസ്തുത ലാബ് പ്രവർത്തിക്കാനാവശ്യമായ തസ്തികകൾ ജില്ലയ്ക്കനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ഇ) ഇല്ല. തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**